# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1707 — 17.06.2013 -ലെ മറുപടിക്ക്

## വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| **(എ)** സംസ്ഥാനത്തുള്ള വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | **(എ)** ഉണ്ട്. |
| **(ബി)** റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ; | **(ബി)** പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.<br>I. കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയവ :-<br>1. Speciality Veteran Hospital വിമുക്തഭടന്മാർക്കായി സ്ഥാപിക്കുക.<br>2. വൺ റാങ്ക് വൺ പെൻഷൻ നടപ്പിലാക്കുക<br>3. Dual Family Pension നടപ്പിലാക്കുക.<br>4. Penury Grant 1000/- രൂപയിൽ നിന്നും 3000/- രൂപയായി വർദ്ധിപ്പിക്കുക.<br>5. Medical facilities for non pensioners:- പെൻഷന് അർഹതയില്ലാത്ത വിമുക്ത ഭടന്മാർക്ക് വേണ്ടി.<br>6. Pension for Territorial Army personnel:- തുടർച്ചയായി 5 വർഷമെങ്കിലും സൈന്യസേവനം അനുഷ്ഠിച്ചവർക്ക് പെൻഷൻ ഏർപ്പെടുത്തുക. |

7. CSD Canteen facilities:- വൃദ്ധരായ വിമുക്തഭടന്മാർക്കും വിധവകൾക്കും കെക്സ്കോൺ മുഖാന്തിരം നിശ്ചിത സ്ഥലങ്ങളിൽ കാന്റീൻ സാധനങ്ങൾ വാങ്ങുന്നതിനായി സൗകര്യം ഏർപ്പെടുത്തുക.

II. സംസ്ഥാന സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടവ :

1. Rehabilitation of Ex-Servicemen - വിമുക്തഭടന്മാരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ സഹായം ഉറപ്പാക്കുക.
2. Reservation of vacancies in Govt. jobs – സർക്കാർ ജോലിയിൽ സംവരണം ഉറപ്പാക്കുക.
3. Monitoring of filling up of reserved posts by PSC- പി. എസ്. സി. നിയമനങ്ങളിൽ വിമുക്തഭട സംവരണം പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുക.
4. Increase of seats in professional colleges – മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിൽ വിമുക്തഭടന്മാരുടെ സീറ്റുകൾ വർദ്ധിപ്പിക്കുക.
5. Re-Organisation of KEXCON – കെക്സ്കോൺ പുനഃസംഘടിപ്പിക്കുക.
6. Sainik Rest House – കേരളത്തിലെ എല്ലാ ജില്ലകളിലും സൈനിക റെസ്റ്റ് ഹൗസ് തുറക്കുക.
7. Ex-gratia Pension – വിവിധ കാരണങ്ങളാൽ സൈന്യ സേവനത്തിൽ നിന്നും നിർദ്ദിഷ്ട കാലയളവിനു മുൻപ് പിരിഞ്ഞു വന്നവർക്ക് കുറഞ്ഞത് 3000 രൂപയെങ്കിലും പെൻഷൻ അനുവദിക്കുക.

| | |
|---|---|
| **(സി)** പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | **(സി)** റിപ്പോർട്ടിലെ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കുന്നതിനായി ശുപാർശകൾ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട ശുപാർശകളിന്മേൽ പഠനം നടത്തി സമഗ്രമായ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുവാൻ സൈനിക ക്ഷേമ ഡയറക്ടറോടും കെക്സ്കോൺ എം.ഡിയോടും ആവശ്യപ്പെട്ടിരുന്നു. ഇവരിൽ നിന്നും ലഭിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ